നം.എ6-8519/2023/സ്ത്രീ.കു.ആ

സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി,
തൈയ്ക്കാട്, തിരുവനന്തപുരം,
തീയതി 08.12.2023

## ദർഘാസ്സ് പരസ്യം

തൈയ്ക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേക്ക് 2024-25 സാമ്പത്തിക വർഷത്തിൽ ബ്രെഡ് വിതരണം ചെയ്യുന്നതിനായി മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു. ഉദ്ദേശ അടങ്കൽ തുക 4,80,000/- രൂപ . ബ്രെഡിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**ഇനവിവരം**

വൈറ്റ് സാന്റ്വിച്ച് ബ്രെഡ് (400 ഗ്രാം പാക്കറ്റ്) ഒരു മാസത്തേയ്ക്ക് 450 മുതൽ 1800 വരെ പാക്കറ്റ് വിതരണം ചെയ്യേണ്ടി വരുന്നതും ആഴ്ചയിൽ എല്ലാ ദിവസവും ഇൻഡന്റ് പ്രകാരം 9.00 നും 10.00 മണിയ്ക്കും ഇടയ്ക്ക് വിതരണം ചെയ്യേണ്ടതുമാണ്. ഏതെങ്കിലും ദിവസം വിതരണം ചെയ്യുവാൻ സാധിക്കുകയില്ലെങ്കിൽ ( ഉദാ. ഹർത്താൽ) തലേ ദിവസം തന്നെ പ്രസ്തുത ദിവസം ഉപയോഗിക്കാൻ യോഗ്യമായ ബ്രെഡ് എത്തിച്ചുതരേണ്ടതാണ്. കരിഞ്ഞതോ ഭക്ഷ്യയോഗ്യമല്ലാത്തതോ ആയ വസ്തുക്കൾ ബ്രെഡിൽ പാടില്ല. മാനുഫാക്ചറിങ്ങ് തീയതിയും എക്സ്പയറി തീയതിയും പാക്കറ്റിൽ രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ്. വിതരണം ചെയ്യുന്ന ബ്രെഡിന് 3 മുതൽ 4 ദിവസം വരെ ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ യൂസ്ബൈ ഡേറ്റ് ഉണ്ടായിരിക്കണം. ബ്രെഡ് സപ്ലൈ ചെയ്യുന്ന കവറുകളും ട്രേകളും വൃത്തിയുള്ളതായിരിക്കണം.

ടെൻഡർ ഫോമുകൾ 09.01.2024 വൈകുന്നേരം 5 മണി വരെ പ്രവൃത്തി സമയങ്ങളിൽ ഈ ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്. ടെൻഡർ ഫാറത്തിന്റെ വിലയായ 1000 രൂപയും നിയമാനുസൃതമായ ജി.എസ്.റ്റിയും (18%- 180/-രൂപ), പകർപ്പ് ആവശ്യമുള്ളവർ ആയതിന്റെ വിലയായ 500/- രൂപയും നിയമാനുസൃതമുള്ള ജി.എസ്.റ്റിയും ( 18% -90/-രൂപ), ഓഫീസ് കാഷ് കൗണ്ടറിൽ അടച്ച് രസീതിന്റെ അസ്സൽ ഹാജരാക്കേണ്ടതാണ്. 200/- രൂപ (ഇരുന്നൂറ് രൂപ മാത്രം) വിലയുള്ള മുദ്രപത്രത്തിൽ എഗ്രിമെന്റ്, നിരതദ്രവ്യമായി 5,000/- രൂപയുടെ (അയ്യായിരം രൂപ മാത്രം) സൂപ്രണ്ടിന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന വിധം ദേശസാൽകൃത ബാങ്കിൽ നിന്നുള്ള ഡിമാന്റ് ഡ്രാഫ്റ്റ് എന്നിവ ദർഘാസിനോടൊപ്പം ഹാജരാക്കേണ്ടതാണ്. ദർഘാസ് ഉള്ളടക്കം ചെയ്ത കവറിനുപുറത്ത് ദർഘാസ് നം.എ6-8519/2023/സ്ത്രീ.കു.ആ "( വൈറ്റ് സാൻഡ്‌വിച്ച് ബ്രെഡ് വിതരണം ചെയ്യുന്നതിനുള്ള ദർഘാസ്) " എന്ന് രേഖപ്പെടുത്തിയിരിക്കണം. സമർപ്പിക്കുന്ന ദർഘാസുകൾ ഈ ആശുപത്രിയിൽ നിന്ന് വാങ്ങിയിട്ടുള്ളതും, ടി ആശുപത്രിയിലെ മേലധികാരിയുടെ കൈയൊപ്പും ആഫീസ് മുദ്രയും ഉള്ളതുമായിരിക്കണം.

പൂരിപ്പിച്ച് ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്ത ദർഘാസ്സുകൾ 10.01.2024 ഉച്ചയ്ക്ക് 12 മണിവരെ ഈ ആഫീസിൽ സ്വീകരിക്കുന്നതും അന്നേ ദിവസം ഉച്ചയ്ക്ക് ശേഷം 12.30 മണിയ്ക്ക് ദർഘാസുകൾ സമർപ്പിച്ചിട്ടുള്ള വ്യക്തികളുടെയോ അവർ അധികാരപ്പെടുത്തിയവരുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. ആവശ്യമായ രേഖകൾ ഹാജരാക്കിയും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയതുമായ ദർഘാസ് അംഗീകരിക്കുന്നതാണ്. നിശ്ചിത സമയം കഴിഞ്ഞ് സമർപ്പിക്കുന്ന ടെൻഡറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ദർഘാസുകൾ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ആഫീസിൽ നിന്നും അറിയാവുന്നതാണ്.

സൂപ്രണ്ട്

പകർപ്പ്:-

എ) നോട്ടീസ് ബോർഡിലേക്ക്

1. ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം( വെബ് സൈറ്റിലേക്ക്)
2. ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം),തിരുവനന്തപുരം
3. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, ഗവ.സെക്രട്ടറിയേറ്റ്,തിരുവനന്തപുരം
4. സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, തിരുവനന്തപുരം
5. സൂപ്രണ്ട്, മെഡിക്കൽ കോളേജ് ആശുപത്രി,തിരുവനന്തപുരം
6. സൂപ്രണ്ട്, നെഞ്ചുരോഗാശുപത്രി, പുലയനാർകോട്ട,തിരുവനന്തപുരം
7. സൂപ്രണ്ട്, ജനറൽ ആശുപത്രി, തിരുവനന്തപുരം
8. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫയർ, തൈയ്ക്കാട്
9. പോസ്റ്റ് മാസ്റ്റർ, പോസ്റ്റ് ഓഫീസ്, തൈയ്ക്കാട്, തിരുവനന്തപുരം
10. വില്ലേജ് ഓഫീസ്, തൈയ്ക്കാട്, തിരുവനന്തപുരം

ബി) ലേ സെക്രട്ടറി ആന്റ് ട്രഷറർ/ സ്റ്റോർ സൂപ്രണ്ട്

സി) ഫയൽ/ കരുതൽ ഫയൽ